പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 360

15/03/2018 - ൽ മറുപടിക്ക്

## വനിതാ സഹകരണ സംഘങ്ങളുടെ വികസനത്തിനായി പദ്ധതികൾ സംബന്ധിച്ച്

ചോദ്യം

ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ.വി.വിജയദാസ്
പ്രൊഫ.കെ.യു. അരുണൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വനിതാ സഹകരണ സംഘങ്ങളുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | വനിത സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതതു പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായമായ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നു. ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പത്തു ലക്ഷം രൂപാ വീതം ധനസഹായം നൽകി വരുന്നു. കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ വനിതാ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പാക്കുന്നതിന് ധനസഹായം നൽകുന്നു. വനിതാ സംഘങ്ങളുടെ വികസനത്തിനായി ഷെയർ-സബ്സിഡി-വായ്പ ഇനത്തിൽ ധനസഹായം ചെയ്തു വരുന്നുണ്ട്. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്രായോഗികത, വിജയ സാധ്യത, പ്രവർത്തന ലാഭം തുടങ്ങിയവ വിലയിരുത്തിയാണ് ധനസഹായം നൽകുന്നത്. 2018-19 ൽ വനിതാ ഫെഡിനും പ്രാഥമിക വനിതാ സംഘങ്ങൾക്കുമായി 3 കോടി രൂപാ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. |
| ബി) | വനിതാ സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പ്രോജക്ടുകൾ | ബി) | വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനായി വനിതാ ഫെഡിനും വനിതാ സഹകരണ സംഘങ്ങൾക്കും പ്രത്യേക പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുന്നതിന് ധനസഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നതിന് സഹായം നൽകാൻ പദ്ധതിയുണ്ടോ; | | 6 നീതി മെഡിക്കൽ സ്റ്റോറുകൾ നീതി ലാബുകൾ എന്നിവ ആരംഭിക്കുന്നതിനും 4 വനിതാ മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനും 20 പ്രാഥമിക വനിതാ സഹകരണ സംഘങ്ങളെ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുമായി 2016-17 വർഷത്തിൽ വനിതാഫെഡിന് 163.95 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതാണ്. പ്രാഥമിക വനിതാ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുക, കൊച്ചു കുഞ്ഞുങ്ങൾക്കായി ക്രഷ് സ്ഥാപിച്ചു നടത്തുക എന്നിവയ്ക്കും ധനസഹായം നല്കാൻ പദ്ധതിയുണ്ട്. കമ്പ്യൂട്ടർ ഹാർഡ് വെയർ, മൊബൈൽ ഫോൺ ചിപ്പ്-റിപ്പയറിംഗ് എന്നിവയിൽ പ്രാവീണ്യമുള്ള വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പ്രാഥമിക വനിതാ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട്, വനിതാ ഫെഡ് മുഖേന ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുണ്ട്. |
| സി) | കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | കുടുംബശ്രീയുടെ സഹകരണത്തോടെ പ്രാഥമിക വനിതാ സംഘങ്ങളിലെയും സ്വയം സഹായ സംഘങ്ങളിലെയും തൊഴിൽരഹിതരായ വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് "സാനിറ്ററി നാപ്കിൻസ്" യൂണിറ്റുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. ഇതു പ്രകാരം കുടുംബശ്രീയുടെ സഹായത്തോടെ പതിനാലു ജില്ലകളിലെയും തിരഞ്ഞെടുത്ത വനിതാ സംഘങ്ങളിലെ അംഗങ്ങൾക്കു മേൽ വിഷയത്തിൽ നിർമ്മാണ വിപണന പരിശീലനം നൽകുകയും വനിതാ ഫെഡിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ ആർദ്രം പദ്ധതിയുമായി സഹകരിച്ച് സാനിറ്ററി നാപ്കിൻസ് വെൻഡിംഗ് യൂണിറ്റുകൾ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും സ്കൂളുകളിലും സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. ആയതു മുഖേന സ്വയം സഹായ സംഘങ്ങൾക്കും പ്രാഥമിക വനിതാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കും തൊഴിൽ തുടർച്ചയുണ്ടാവുകയും സ്ഥിരവരുമാനം ഉറപ്പാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ